**നമ്പർ: 205/2022**

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും, വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ, പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും എന്ന നിലയിൽ പരിശുദ്ധ സഭയെ നയിച്ച നിഷ്കളങ്ക തേജസ്വിയായ നമ്മുടെ മുൻഗാമി ഭാഗ്യവാനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ തിരുമനസ്സിലെ ഒന്നാം ശ്രാദ്ധപ്പെരുന്നാൾ ആ പുണ്യ പിതാവിന്റെ കബറിടം സ്ഥിതി ചെയ്യുന്ന കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ 2022 ജൂലൈ മാസം 3 മുതൽ 12 വരെയുള്ള തീയതികളിൽ പരിശുദ്ധ സഭയുടെ പ്രധാന ചുമതലയിൽ നടത്തപ്പെടുന്നതാണ്. 1985 മുതൽ കുന്നംകുളം മെത്രാസനത്തിന്റെ ഇടയനായും, 2010 മുതൽ പരിശുദ്ധ സഭയുടെ പ്രധാന മേലദ്ധ്യക്ഷനായും ശുശ്രൂഷ നിർവ്വഹിച്ച ആ മഹാചാര്യൻ അതിവിശുദ്ധ ജീവിതം നയിച്ച പിതാവാണ്. ചിട്ടയായ യാമപ്രാർത്ഥനകളിലൂടെയും, സഭയോടുള്ള അഗാധമായ സ്നേഹത്തിൽ ഉറച്ച നിലപാടുകളിലൂടെയും, നിറവാർന്ന ആത്മീയ ജീവിതചര്യയിലൂടെയും ജീവിതകാലം പൂർത്തിയാക്കിയ ആ പിതാവിനോട് പരിശുദ്ധ സഭ ഏറെ കടപ്പെട്ടിരിക്കുന്നു.

പെരുന്നാളിനോടനുബന്ധിച്ച് എല്ലാ ദിവസവും രാവിലെ 7 മണിക്ക് വിശുദ്ധ കുർബ്ബാനയും വൈകുന്നേരം 5.30 മണിക്ക് സന്ധ്യാ നമസ്കാരവും തുടർന്ന് ധ്യാനപ്രസംഗവും നടത്തപ്പെടുന്നതാണ്. ജൂലൈ 11 തിങ്കളാഴ്ച വിവിധ ദേവാലയങ്ങളിൽ നിന്നുമുള്ള വിശ്വാസികൾ കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ സമ്മേളിച്ച്, അവിടെനിന്നും വൈകുന്നേരം 5 മണിക്ക് ഭക്തിനിർഭരമായ പ്രദക്ഷിണം ആരംഭിച്ച് ദേവലോകം കബറിങ്കൽ എത്തിച്ചേരുന്നതും, 6 മണിക്ക് സന്ധ്യാനമസ്കാരം ആരംഭിക്കുന്നതുമാണ്. തുടർന്ന് അനുസ്മരണ സമ്മേളനവും, നേർച്ചഭക്ഷണവും ഉണ്ടായിരിക്കുന്നതാണ്. 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 7-ന് പ്രഭാതനമസ്കാരവും, 8-ന് വി. മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് ധൂപപ്രാർത്ഥനയും, നേർച്ചവിളമ്പും ഉണ്ടായിരിക്കുന്നതാണ്. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദരമെത്രാപ്പോലീത്താമാരും, നിയുക്ത മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. ദൈവാശ്രയത്തോടും പൂർണ്ണസമർപ്പണത്തോടുംകൂടെ പ. സഭയെ നയിച്ച ആ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ എത്രയും ആദരവോടുകൂടി നടത്തുവാൻ നമുക്ക് കടമയുണ്ട്. നമ്മുടെ എല്ലാ വിശ്വാസികളും നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗൃഹീതരാകണമെന്ന് നാം ഓർമ്മിപ്പിക്കുന്നു. പെരുന്നാളിനോടനുബന്ധിച്ച് വിവിധ ഇടവകകളിൽ നിന്ന് തീർത്ഥാടകരായി എത്തുന്ന വിശ്വാസികളുടെ എണ്ണം ദേവലോകം അരമന മാനേജർ യാക്കോബ് തോമസ് കത്തനാരെ നേരത്തെ തന്നെ അറിയിക്കേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 ജൂൺ മാസം 15-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.